ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനം

14 (*404) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചലച്ചിത്രനിർമ്മാതാക്കളെ ആകർഷിക്കുന്നതിന് സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റുഡിയോകളും ലാബുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ചലച്ചിത്രങ്ങളുടെ ഔട്ട്ഡോർ ഷൂട്ടിംഗ് നടത്തുന്നതിന് സൗകര്യമുള്ള ലോക്കേഷനുകളിൽ വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുമോ ;

(ഇ) ചലച്ചിത്ര അക്കാഡമിയുടെ കീഴിൽ സിനിമാഭിനയവും സാങ്കേതികവിദ്യയും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(എഫ്) ചലച്ചിത്ര അക്കാഡമിയുടെ കീഴിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുമോ എന്നറിയിക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കേരളസംസ്ഥാന ചലച്ചിത്ര അക്കാഡമി 1998 ജൂൺ മാസം 24-ാം തീയതി രൂപീകരിച്ചു. ഇപ്പോൾ ഒരു വർഷവും 10 മാസവും കഴിഞ്ഞിട്ടുണ്ട്. ഇതിനിടയിൽ അക്കാഡമിയുടെ പ്രവർത്തനം സംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. എങ്കിലും പരിചിന്തനത്തിന് വിധേയമായിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾ, തൊഴിലാളികൾ, ഗ്രാമപ്രദേശങ്ങളിലെ ചലച്ചിത്ര പ്രവർത്തകർ എന്നിവർക്കുവേണ്ടി നല്ല സിനിമകൾ പ്രദർശിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ മുഖേന ഇത്തരം സാധാരണ ജനവിഭാഗങ്ങൾക്ക് വേണ്ടി ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് അക്കാഡമിയിൽ അഫിലിയേറ്റ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(സി) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഇപ്പോഴുള്ള ഉപകരണങ്ങളും യന്ത്രസമാഗ്രികളും നവീകരിച്ച് കൊണ്ടിരിക്കുകയാണ്. നിലവിലുള്ള സാമ്പത്തികനില പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിന് അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയിലെ യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനോടൊപ്പം സ്റ്റുഡിയോയിലെ ഔട്ട് ഡോർ ഷൂട്ടിംഗിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റുഡിയോയിലെ ഗാർഡൻ വിപുലപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞു. കൂടാതെ ഷൂട്ടിംഗ് ആവശ്യമുള്ള ഏതാനും സെറ്റുകൾ കൂടി സജ്ജീകരിക്കുന്നുണ്ട്.

(ഇ&എഫ്) ചലച്ചിത്ര അക്കാഡമി സിനിമാഭിനയവും സാങ്കേതികവിദ്യയും നേരിട്ടു പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല എന്നാൽ ഈ വിഷയങ്ങളെ സംബന്ധിച്ച ഏറ്റവും നവീനമായ സിലബസ് തയ്യാറാക്കി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പരിശീലനം നല്കുന്നതിന് പരിപാടിയുണ്ട്.

മത്സ്യമേഖലയിലെ കയറ്റിറക്കുമതി നയം

15 (*405) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ കയറ്റിറക്കുമതി നയം സംസ്ഥാനത്തെ മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പുതിയ കയറ്റിറക്കുനയം പ്രാബല്യത്തിൽ വന്നതോടെ ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നതെന്ന് അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പ്രധാന കയറ്റുമതി ഇനങ്ങളായ ചെമ്മീൻ, കൂന്തൽ എന്നിവ ഇറക്കുമതി ചെയ്യുന്നതിലൂടെ ആഭ്യന്തര വിപണിയിൽ ഇവയുടെ വില ഗുണ്യമായി കുറയുകയും മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ലായ്മ, സാമ്പത്തികനഷ്ടം എന്നിവ ഉണ്ടാവുകയും ചെയ്യും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 1998, 1999 എന്നീ വർഷങ്ങളിൽ ചെമ്മീൻ, കൂന്തൽ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതം എന്നറിയിക്കുമോ ;

(ഇ) പുതിയ കയറ്റിറക്കുമതി നയം പ്രാബല്യത്തിൽ വന്നതോടെ കയറ്റുമതിക്കാർക്ക് മത്സ്യത്തൊഴിലാളികളോട് വിലപേശാമെന്ന അവസ്ഥ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പുതിയ കയറ്റിറക്കുമതി നയം മൂലമുള്ള ആഭ്യന്തര വിപണിയിലെ വിലയിടിവ്, തൊഴിലില്ലായ്മ, സാമ്പത്തിക നഷ്ടം എന്നിവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly